ശ്യാം കുമാറിന്റെ കൊലപാതകം

713 [1155] ശ്രീ. സി കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കൊല്ലം എസ്. എൻ. കോളേജിൽ 1986 ആഗസ്റ്റ് 22-ാം തീയതി ശ്യാം കുമാറിനെ കൊലപ്പെടുത്തിയതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കേസിൽ എത്ര പ്രതികളുണ്ട് ;

(സി) പ്രതികളുടെ പേര് വെളിപ്പെടുത്തുമോ ;

(ഡി) ഈ കേസിൽ എത്ര പ്രതികളെ അറസ്റ്റു ചെയ്തു :

ഉത്തരം

(എ) ഉണ്ട്.

(ബി) ഏഴു പ്രതികളുണ്ട്.

(സി) 1. ഹരികുമാർ
2. ലാൽ
3. ജോഷ്വാ
4. ബാബു രാജേന്ദ്ര പ്രസാദ്
5. സിറിൾ
6. സജീവ്
7. അഡോൾഫസ്സ്

(ഡി) ഏഴ് പ്രതികളെയും അറസ്റ്റു ചെയ്തു.

മേരിക്കുട്ടി കൊലക്കേസ്

714 [1157] ശ്രീമതി കെ. ആർ. ഗൗരി :

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കുണ്ടറ, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് നേഴ്സായ മേരിക്കുട്ടിയെ 1986 ഒക്ടോബർ 13-ന് കൊലപ്പെടുത്തിയതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രതികളെ അറസ്റ്റു ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി,സി) എല്ലാ പ്രതികളെയും തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും ആരെയും അറസ്റ്റു ചെയ്തിട്ടില്ല. പ്രതികളെ അറസ്റ്റു ചെയ്യാൻ ഊർജ്ജിതമായ തെരച്ചിൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

ജീവപര്യന്തം തടവുകാർ

715 [1164] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ ജീവപര്യന്തം തടവുശിക്ഷ വിധിക്കപ്പെട്ട എത്ര തടവുകാർ ഉണ്ട് ;

(ബി) തടവുകാർക്ക് പരോൾ നൽകുന്നതിന് ഇന്നുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മൂന്നുവർഷം കഴിഞ്ഞ് 6 മാസത്തിലൊരിക്കൽ പരോൾ അനുവദിക്കുന്ന നടപടിക്രമം നിലവിലുണ്ടോ ;

(ഡി) ഇപ്രകാരം എല്ലാവർക്കും പരോൾ നൽകിവരുന്നുണ്ടോ ?

ഉത്തരം

(എ) 1385 പേർ ഉണ്ട്.

(ബി) തടവുകാർക്ക് പരോൾ അനുവദിക്കുന്നത് 1958-ലെ കേരള ജയിൽ ചട്ടങ്ങളിലെ 452 മുതൽ 457 വരെയുള്ള ചട്ടങ്ങൾ അനുസരിച്ചാണ്.

(സി) മൂന്നുവർഷം കഴിഞ്ഞ് 6 മാസത്തിലൊരിക്കൽ വ്യവസ്ഥാപിത മായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് അവധി നൽകു ന്നതിന് ചട്ടങ്ങൾ നിലവിലുണ്ട്.

(ഡി) അവധി അനുവദിക്കുന്നതിന് അർഹമായ കാരണങ്ങൾ വ്യവസ്ഥാപിതമായി തെളിയിക്കപ്പെട്ടാൽ മാത്രമാണ് അവധി നൽകുന്നത്.

കുട്ടികളുടെ കേസ് തീർപ്പ് കൽപ്പിക്കാൻ കോടതി

716 [1168] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സയേം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുട്ടികളുടെ കേസ് കേട്ട് തീർപ്പ് കൽപ്പി ക്കുന്നതിന് പ്രത്യേക കോടതികൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ, അവ എവിടെയൊക്കെ ആണെന്നും പ്രസ്തുത കോടതികളിലെ ഓണററി മജിസ്ട്രേട്ടുമാർ ആരെല്ലാമാണെന്നും വ്യക്ത മാക്കാമോ ;

(സി) ഓണററി മജിസ്ട്രേട്ടുമാർക്ക് പ്രതിമാസം എത്ര രൂപവീത മാണ് ഓണറേറിയം നൽകുന്നത് ;

(ഡി) ഈ ഇനത്തിൽ ഓണററി മജിസ്ട്രേട്ടുമാർക്ക് കുടിശ്ശിക കൊടുത്ത് തീർക്കാൻ ബാക്കിയുണ്ടോ ; ഉണ്ടെങ്കിൽ, എവിടെയൊക്കെ, എത്രവീതമെന്ന് അറിയിക്കാമോ ;

(ഇ) ഈ കുടിശ്ശിക കൊടുത്തുതീർക്കാൻ എന്തെങ്കിലും നടപടി കൈ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവയെന്തെന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം പാലക്കാട്, തൃശ്ശൂർ മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നിവിട ങ്ങളിൽ കുട്ടികളുടെ കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഈ കോടതി കളിലെ ഓണററി മജിസ്ട്രേട്ടുമാരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു, †

(സി) ഓണററി മജിസ്ട്രേട്ടുമാർക്ക് ഓണറേറിയം നൽകുന്നില്ല. എന്നാൽ കോടതിയിൽ ഹാജരാകുന്ന ദിവസങ്ങളിൽ ക്ലാസ് I ഉദ്യോഗസ്ഥനു നുവദനീയമായ ദിനബത്തയുടെ പകുതിയും, യാത്രാബത്തയും നൽകി വരുന്നുണ്ട്.

(ഡി) എല്ലാപേർക്കും കൂടി 56,100 രൂപ ടി ഇനത്തിൽ കുടിശ്ശിക നൽകാനുണ്ട്. എവിടെയൊക്കെ ആർക്കൊക്കെ എന്നുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഇ) ഉണ്ട്. 1986-87 വർഷത്തെ ബഡ്ജറ്റ് വിഹിതമായ 5,000 രൂപക്ക് പുറമേ 17-10-1986-ലെ സർക്കാർ ഉത്തരവുപ്രകാരം 20,000 രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly